"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനകാര്യം -ശ്രീ.രാഹുൽ കെ.എസ്, ക്ലർക്ക്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം - 25.11.2024 മുതൽ 30.12.2024 വരെ പ്രത്യേക അവശത അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.98/2025/POWER തീയതി,തിരുവനന്തപുരം, 07-05-2025

---

പരാമർശം:- 1. ശ്രീ.രാഹുൽ കെ.എസ്, ക്ലാർക്ക്-ന്റെ 05.12.2024 തീയതിയിലെ അപേക്ഷ.

2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 24.01.2025 തീയതിയിലെ സി.ഇ.ഐ./6392/2024-ഇ3 നമ്പർ കത്ത്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ.രാഹുൽ കെ.എസ്-ന് (PEN 956794) ഔദ്യോഗിക ജോലി നിർവ്വഹിക്കുന്നതിനായി ഓഫിസിലേക്കുള്ള യാത്രാമദ്ധ്യേ 25.11.2024-ന് അപകടം സംഭവിച്ചതിനെ തുടർന്ന് ചികിത്സയിലായതിനാൽ 25.11.2024 മുതൽ 31.12.2024 വരെ ടിയാന് പ്രത്യേക അവശതാ അവധി അനുവദിക്കണമെന്ന് പരാമർശം 1. പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ അപേക്ഷ പരാമർശം 2. പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശിപാർശയോടെ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ക്ലർക്ക് ശ്രീ.രാഹുൽ കെ.എസ് (PEN 956794) 31.12.2024 തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ പ്രസ്തുത ദിവസത്തേയ്ക്ക് പ്രത്യേക അവശതാവധി അനുവദിയ്ക്കാനാകാത്തതിനാൽ ടി ദിവസത്തേക്ക് അവധി അപേക്ഷ വാങ്ങിയ ശേഷം ക്രഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ, അല്ലെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയായോ ചട്ടപ്രകാരം ക്രമീകരിച്ച് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ നൽകേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി ടിയാന് 25.11.2024 മുതൽ 30.12.2024 വരെ കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.

ശ്രീ.രാഹുൽ കെ.എസ്., ക്ലർക്ക്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ(ഐ &പി.ഡബ്ല്യു-എ) വകുപ്പ് (18.04.2025 തീയതിയിലെ e-3105083/I &PW-A2/187/2025-FIN പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 07-05-2025 10:18:55

സെക്ഷൻ ഓഫീസർ